(എ) കോട്ടയം ജില്ലയിൽ എരുത്തുപ്പുഴ-കോത്തല, ഒറവയ്ക്കൽ-കണ്ണൻകുന്ന്, പള്ളിക്കത്തോട്-ചെങ്ങളം (വഴി) അമ്പഴത്തുങ്കൽ കോളനി, മീനടം വെന്നിമല, (8-ാം മൈൽ) റോഡ് എന്നീ നാലു റോഡുകൾ പൂർണ്ണമായും തകർന്നിട്ടും റോഡുകൾ നന്നാക്കുന്നതിന് നടപടികൾ എടുത്തില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ റോഡുകളുടെ പുനരുദ്ധാരണ പ്രവർത്തികൾക്ക് എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(സി) എത്രയും വേഗം ഈ റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) പ്രസ്തുത റോഡുകളുടെ ശോച്യാവസ്ഥ ശ്രദ്ധയിൽ വന്നിട്ടുണ്ട്. മീനടം-വെന്നിമല റോഡിന്റെ പുനരുദ്ധാരണത്തിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. എരുത്തുപ്പുഴ-കോത്തല, ചിറമംഗലം-പള്ളിക്കത്തോട് റോഡിന്റെ പണി ടെണ്ടർ ചെയ്തു എങ്കിലും, കരാറുകാരെ ലഭിച്ചിട്ടില്ല. ഒറവയ്ക്കൽ-കണ്ണൻകുന്ന് റോഡിന്റെ പണി ടെണ്ടർ ചെയ്യാനുള്ള അനുമതി നൽകിയിട്ടുണ്ട്.

(സി) സ്വീകരിച്ചുവരുന്നു.

കുനിശ്ശേരി ബൈപ്പാസ്സിന്റെ നിർമ്മാണം

(505) ശ്രീ. എം. നാരായണൻ (കുഴൽമന്ദം) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിൽ കൊടുവായൂർ-തൃപ്പാളൂർ റോഡിൽപ്പെട്ട കുനിശ്ശേരി ബൈപ്പാസിന്റെ നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണ് ;

(ബി) 2000-2001 ബഡ്ജറ്റിൽ ഭരണാനുമതിക്ക് വേണ്ട തുകയുണ്ടെങ്കിൽ പോലും ഈ ബൈപ്പാസിന്റെ പണിക്ക് ഭരണാനുമതി നൽകുന്നതിന് കാലതാമസം ഉണ്ടാകാൻ എന്താണ് കാരണം ;

(സി) കുനിശ്ശേരി ബൈപ്പാസിന്റെ നിർമ്മാണത്തിന് എപ്പോൾ ഭരണാനുമതി നൽകാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) കുനിശ്ശേരി ബൈപ്പാസ് നിർമ്മാണത്തിനാവശ്യമായ ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകുന്നതിനുള്ള നിർദ്ദേശം പരിശോധിച്ചുവരുന്നു.

(ബി) 2000-2001 ബഡ്ജറ്റിൽ മതിയായ തുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) ബഡ്ജറ്റിൽ മതിയായ തുക ഉൾക്കൊള്ളിച്ചതിനുശേഷം ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

വടക്കൻ പറവൂർ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം

(507) ശ്രീ. പി. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വടക്കൻ പറവൂർ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണ് ; എസ്റ്റിമേറ്റ് സംഖ്യ എത്രയാണ്; എത്ര നില കെട്ടിടം ആണ് നിർമ്മിക്കുന്നത് ; അതിന്റെ വിസ്തീർണ്ണം എത്രയാണ് ;

(ബി) എന്നാണ് ഇതിന് ഭരണാനുമതി നൽകിയത് ; ടി.എസ്.ഒ. എസ്.എസ്.ഒ. ലഭ്യമാക്കുവാനുള്ള നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ് ; മിനി സിവിൽ സ്റ്റേഷന്റെ ഡിസൈൻ പൂർത്തിയായിട്ടുണ്ടോ ; എന്നാണ് ഡിസൈൻ തയ്യാറാക്കുന്നതിന് നൽകിയത് ; ഡിസൈൻ തയ്യാറാക്കാൻ തടസ്സം എന്തെങ്കിലും ഉണ്ടോ ;

(സി) മിനി സിവിൽ സ്റ്റേഷന്റെ വർക്ക് ടെണ്ടർ വിളിക്കുവാൻ നടപടി എടുക്കുന്നതിലെ കാലതാമസം ഒഴിവാക്കുമോ ; എത്ര സർക്കാർ ആഫീസുകൾ ഇതിൽ പ്രവർത്തിക്കും എന്നാണ് കണക്ക് കൂട്ടിയിരിക്കുന്നത് ; അതിന്റെ പേരുവിവരം നൽകാമോ ?

ഉത്തരം

(എ) വടക്കൻ പറവൂർ മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രത്യേകാനുമതി നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. 2670 ച.മീറ്റർ വിസ്തീർണ്ണത്തിൽ മൂന്നു നിലകളായി പണിയാൻ ഉദ്ദേശിക്കുന്ന പ്രസ്തുത കെട്ടിടത്തിന്റെ എസ്റ്റിമേറ്റ് തുക 20 ലക്ഷം രൂപയാണ്.

(ബി) 11-10-1999-ൽ ഭരണാനുമതി നൽകി പ്രത്യേകാനുമതി നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. ഡിസൈൻ തയ്യാറാക്കുന്നതിന് 24-1-2000-ൽ ഡ്രിക്ക് ബോർഡ് ചീഫ് എൻജിനീയർക്കുനൽകി. സ്ട്രക്ച്ചറൽ ഡിസൈൻ പൂർത്തിയായിട്ടുണ്ട്.

(സി) പ്രത്യേകാനുമതി നൽകിയശേഷം സാങ്കേതികാനുമതിയും നൽകി പണി ടെണ്ടർ ചെയ്യുന്നതിന് നടപടി സ്വീകരിക്കുന്നതാണ് ; ആകെ 21 സർക്കാർ ആഫീസുകൾ ഇവിടെ പ്രവർത്തിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. (ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.)*

എടിക്കര-കൈതാരം ബൈപ്പാസിന്റെ ഭരണാനുമതി

(509) ശ്രീ. പി. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly